ജനങ്ങളുടെ സഹായസഹകരണം കൂടി ഉണ്ടായാൽ കഴിയുന്നതും വേഗം ഈ പരാതികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. നലേക്കര കെ. കൃഷ്ണൻ: ഫ്ളയിംഗ്സ്ക്വാഡ് പ്രവർത്തനം തുടങ്ങിയതിനുശേഷം മദ്യനിരോധനം സംബന്ധിച്ചു വല്ലതെങ്കിലും improvement ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം: പല സ്ഥലങ്ങളിലും വാററ നിറുത്തിയിട്ടുണ്ട്.

The question that a supplementary sum not exceeding Rs. 9,000 be granted under Demand No. III-8. State Excise Duties (iii) Prohibition—T. A., was put and carried.

The grant was made.

*Minister of Health* (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 10,000 under Demand III—8. State Excise Duties (b) (iii) Prohibition–Contingencies.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം: ഇതും ഈ റീഓർഗനൈസേഷൻ മൂലം വന്നിട്ടുള്ള അധികച്ചെലവിനു വേണ്ടിയുള്ളതാണ്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. III. State Excise Duties (b) (iii) Prohibition—Contingencies, was put and carried.

The grant was made.

**Demand IX—25. General Administration.**

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a supplementary allotment of Rs. 1,08,500 Under Demand No. IX—25. General Administration (D) Secretariat and Headquarters Establishment—(a) Civil, Secretariat (i) Government Secretariat–Pay of Establishment.

*Home Minister* (Shri A. J. JOHN): I second the motion.

SHRI PANAMPILLI GOVINDA MENON: Sir, this item is entered as serial No. 12 in the printed statement circulated to the hon. Members.

The original grant under this head, as will be seen from page 64 of the Budget was Rs. 4,50,100. The additional amount is required mainly on account of pay revision. The Pay Commission Report had to be implemented with retrospective effect from 1st April 1955. It is also due to the



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേവലമെന്നു ഞാൻ പറഞ്ഞതു് വിപുലാർത്ഥം എന്നുള്ള അർത്ഥത്തിലല്ല. എണ്ണത്തിന്റെ കാര്യം നോക്കുമ്പോൾ ഇതൊന്നല്ലേ ഉള്ളൂ എന്ന അർത്ഥത്തിൽ പറഞ്ഞതാണു്. അല്ലാതെ ഗ്രാന്റ് കൊടുത്ത തുക കേവലമെന്നോ ഗ്രാന്റ് കൊടുത്തതു കേവലമായിപ്പോയെന്നോ ഗ്രാന്റിലെ ഉള്ളടക്കം കേവലം എന്നോ അല്ല ഞാൻ പറഞ്ഞതു്. ഗ്രാന്റ് കൊടുത്ത തുക കേവലമല്ലെന്നു് നമുക്കെല്ലാവർക്കുമറിയാം. ഞാൻ പറഞ്ഞതു് ഇങ്ങനെ ഒന്നു രണ്ടു കാര്യങ്ങൾ ഉണ്ടെന്നല്ലാതെ വേറെ ഒന്നും ചെയ്തിട്ടില്ല എന്നാണു്. എൻ. ഇ. എസ്സ്. ബ്ലോക്കിൽ അന്വേഷണം നടത്തേണ്ട കാര്യത്തെപ്പറ്റി പറഞ്ഞു. ഇതൊന്നും നിഷേധിക്കാവുന്ന കാര്യങ്ങളല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് പത്മവിഭൂഷൺ എന്ന ബഹുമതി കൊടുക്കാൻ ഭാവമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ മി: കുഞ്ഞച്ചനേയും ഉൾപ്പെടുത്താം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കുഞ്ഞച്ചന്റെ കാര്യമല്ല പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. അല്ല. ഉള്ളടക്കത്തെപ്പറ്റിയാണു പറഞ്ഞതു്. അഴിമതി കാണിക്കുന്ന ആളുകൾക്കു പത്മവിഭൂഷണൻ നൽകുന്ന കാര്യത്തെപ്പറ്റിയാണു പറഞ്ഞതു്. അതുകൊണ്ടു ബഹുമാനപ്പെട്ട സഭയോടു് എനിക്കു പറയുവാനുള്ളതു് രാഷ്ട്രീയമായ കാരണങ്ങൾകൊണ്ടു സപ്ലിമെന്ററി ഗ്രാന്റിനെ എതിർക്കുന്നതു് ശരിയല്ല. സെക്രട്ടറിയേറ്റിനെയും ഉദ്യോഗസ്ഥന്മാരെയും ആക്ഷേപിക്കുന്നതു് ലക്ഷ്യപ്രാപ്തിക്കു സഹായകരമായിരിക്കയില്ല. സപ്ലിമെന്ററി ഗ്രാന്റു് പാസാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

(Mr. Speaker in the Chair.)

DR. A. R. MENON: Have you ever had occasion to take disciplinary action against any officer in the Secretariat for undue delay?

SHRI PANAMPILLI GOVINDA MENON: In more than a dozen cases such action has been taken.

The question that a supplementary sum not exceeding Rs. 1,08,500 under IX—25. General Administration—(D) Secretariat and Headquarters Establishment—(a) Civil Secretariat (i) Government Secretariat—Pay of Establishment, was put and carried.

The Grant was made.

SHRI P. VISWAMBHARAN: I demand a poll, Sir.

A poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly